പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4469** — **21/03/2018-ന് മറുപടിയ്ക്ക്**

## ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് മുടക്കം

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ടിൽ ഏറ്റവും കൂടുതൽ തൊഴിൽ നഷ്ടം നേരിട്ട സമുദായം ഏതെന്നു വ്യക്തമാക്കുമോ ; | ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ടിൽ ഏതെങ്കിലും സമുദായത്തിന് തൊഴിൽ നഷ്ടം ഉണ്ടായതായി കണ്ടെത്തിയിട്ടില്ല. സർക്കാർ സർവ്വീസിലെ പ്രാതിനിധ്യക്കുറവാണ് കമ്മീഷൻ പരിശോധിച്ചത്. |
| (ബി) കേരളത്തിലെ ആകെ ജനസംഖ്യയിൽ ദലിത് ക്രൈസ്തവരുടെ ശതമാനം എത്രയാണ്; ജനസംഖ്യാ പ്രാതിനിധ്യമനുസരിച്ച് ദലിത് ക്രൈസ്തവർക്ക് നൽകുന്ന സംവരണത്തിലെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | കൃത്യമായ ജനസംഖ്യാ കണക്കുകൾ ലഭ്യമല്ല. വ്യത്യാസം പരിശോധിച്ചിട്ടില്ല. |
| (സി) ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് ഒ ഇ സി എന്ന നിലയിൽ നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് മുടക്കം നേരിട്ടു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം പരിഹരിക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ ? | ഉണ്ട്; 2016 മാർച്ച് 31 വരെ 169 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. ആ വർഷം 30 പുതിയ സമുദായങ്ങൾക്കു കൂടി ഒ ഇ സി ആനുകൂല്യം അനുവദിച്ചത്. തുടർന്നുള്ള വർഷങ്ങളിൽ ഏതാണ്ട് 100 കോടി രൂപയോളം അധികം ആവശ്യമായി വന്നു. കുടിശിക നിവാരണത്തിന് 2017-18 ബഡ്ജറ്റ് വിഹിതമായ 163 കോടിക്കു പുറമെ 150 കോടി രൂപ കൂടി അനുവദിച്ചു. 2018 ജനുവരി വരെ ലഭിച്ചിട്ടുള്ള അപേക്ഷകൾക്കെല്ലാം തുക നൽകി തീർപ്പാക്കുവാൻ സാധിയ്ക്കുന്നതാണ്. |

Chandrika Paul

സെക്ഷൻ ഓഫീസർ